Vol No.31 No.03 March 2022 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം




## ബയോനൈതിക വെല്ലുവിളികളോടുള്ള ക്രിസ്തീയ പ്രതികരണത്തിനായി

പുതിയ ബയോനൈതിക വെല്ലുവിളികൾ നേരിടുന്ന ക്രൈസ്തവർക്കായി പ്രാർത്ഥിക്കാം; എല്ലാ മനുഷ്യജീവന്റെയും അന്തസ്സ് കാക്കാനുള്ള പ്രാർത്ഥനകളും പ്രവർത്തനങ്ങളും തുടരാൻ അവർക്ക് കഴിയട്ടെ.

– ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം മാർച്ച് 2022




Address: Administrative Office, St. Thomas International Shrine,
Kurisumudy, Malayattoor - 683587, phone +91 484 2468990, 2283450, 2283608
Kerala,India website : https://www.malayattoorkurisumudy.in/

// വത്തിക്കാൻ തരംഗം
**VATHIKAN THARANGAM**

March -2022

RN. 55 178/94

Monthly

പുസ്തകം- 31

ലക്കം-3

## ഉള്ളടക്കം


- എഡിറ്റോറിയൽ 4
- നോമ്പുകാല സന്ദേശം 5
- സഭാ നവീകരണ മാർഗരേഖ 10
- ദ്രോഹിച്ചവർക്കായുള്ള പ്രാർത്ഥന 16
- വാഗ്ദാനത്തിന്റെ മക്കൾ 18
- വേണം സാന്ത്വന പരിചരണം 21
- വേറിട്ട വിശുദ്ധ വണക്കം 24
- വത്തിക്കാൻ വാർത്തകൾ 26
- വാർത്തയും ചിന്തയും 30


മുഖ്യരക്ഷാധികാരി ◆ **ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി**

രക്ഷാധികാരികൾ ◆ **ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**

◆ **ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

ചീഫ് എഡിറ്റർ ◆ **ഡോ. എബ്രാഹം ഇരിമ്പിനിക്കൽ**

എഡിറ്റർ ◆ **ആന്റണി ചടയംമുറി**

പത്രാധിപസമിതി

◆ **ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി** ◆ **ഡോ. ജേക്കബ്ബ് പ്രസാദ്**

◆ **ഡോ. ജോളി കരിമ്പിൽ** ◆ **ബ്രദർ തോമസ് പോൾ കൊടിയൻ**

ലീഗൽ അഡ്വൈസർ ◆ **അഡ്വ . റെനിൽ ആന്റോ**

ലേ ഔട്ട് & ഡിസൈൻ ◆ **മനു ആന്റണി**

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656




# സമാധാനം സ്ഥാപിക്കുന്നവരാകാം

2022 ഫെബ്രുവരി 25 വെള്ളിയാഴ്ച ഉച്ചയ്ക്ക് റഷ്യൻ എംബസിയിലേക്ക് നേരിട്ടെത്തി അര മണിക്കൂറിലധികം സമയം ലോകത്തിന്റെ ആത്മീയ ആചാര്യൻ ഫ്രാൻസിസ് പാപ്പ സമാധാനത്തിനുവേണ്ടി സംസാരിച്ചു. പതിവു പ്രോട്ടോക്കോളുകൾ ഗൗനിക്കാതെയാണ് ലോക സമാധാനത്തിനുവേണ്ടി വിയ ദെല്ല കൊൺചിലിയസ്യോണെയിൽ സ്ഥിതിചെയ്യുന്ന റഷ്യൻ എംബസിയുടെ ആസ്ഥാനത്ത് എത്തിച്ചേർന്നത്. റഷ്യയുടെ അധിനിവേശം ഫെബ്രുവരി 24–ന് ആരംഭിക്കുന്നതിനുമുൻപേ തന്റെ ഹൃദയത്തിൽ നിറയുന്ന കടുത്ത ദുഃഖം ഫ്രാൻസിസ് പാപ്പ ബുധനാഴ്ചയിലെ പൊതുദർശന സമയത്ത് പ്രകടിപ്പിച്ചിരുന്നു. "രാഷ്ട്രീയ അധികാരമുള്ളവർ ദൈവത്തിനുമുൻപിൽ തങ്ങളുടെ മനഃസാക്ഷിയെ പരിശോധിക്കണം. സമാധാനത്തിന്റെ ദൈവമാണ്, യുദ്ധത്തിന്റെയല്ല." മാർപാപ്പ പറഞ്ഞു.
ഫെബ്രുവരി 27 ഞായറാഴ്ച വീണ്ടും മാർപാപ്പ സമാധാനത്തിനായി അഭ്യർത്ഥിച്ചു. "ആയുധങ്ങൾ നിശ്ശബ്ദമാവട്ടെ! സമാധാന സ്ഥാപകരോടൊപ്പമാണ് ദൈവം, ഹിംസ പ്രവർത്തിക്കുന്നവർക്കൊപ്പമല്ല." ആയുധങ്ങളുടെ അതിനിഷ്ഠൂരവും തലതിരിഞ്ഞതുമായ യുക്തിയിൽ ആശ്രയിക്കുന്നവൻ ദൈവഹിതത്തിൽനിന്നകലെയാണ്. സമാധാനം ആഗ്രഹിക്കുന്ന സാധാരണ ജനങ്ങളിൽനിന്നും സ്വയം അകലുകയാണവർ. യുദ്ധം ആഗ്രഹിക്കുന്നവർ മനുഷ്യത്വം മറന്നുപോകുന്നു. കേവലം അധികാരവും രാഷ്ട്രീയവും മാത്രമാണവർ പരിഗണിക്കുന്നത്. മനുഷ്യരുടെ നൊമ്പരങ്ങളും ആകുലതകളും യുദ്ധക്കൊതിയന്മാർ പരിഗണിക്കുന്നില്ല. യുദ്ധം ചെയ്യുന്നവർ ഭൂപടത്തിലെ അതിരുകൾ മാത്രമല്ല മാറ്റുന്നത്, ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതമാണ്. കുടുംബങ്ങൾ അനാഥമാകുന്നു, അഭയാർത്ഥി പ്രവാഹം അതും കുട്ടികളെയും വഹിച്ചുകൊണ്ടുള്ള അമ്മമാരുടെ പലായനം. ചെറുപ്പക്കാരും കുടുംബനാഥന്മാരും യുദ്ധക്കളത്തിൽ ആയിരക്കണക്കിന് സ്വപ്നങ്ങളോടൊപ്പം ചാരമാകുന്നു. ആരാണ് യുദ്ധത്തിന്റെ കെടുതി അനുഭവിക്കുന്നത്? സാധാരണക്കാർ. തീർത്തും സാധാരണക്കാരായ മനുഷ്യരാണ് എല്ലാം സഹിക്കേണ്ടത്.



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

സന്ദേശം



# മാനസാന്തരത്തിന്റെ കാലം നിത്യരക്ഷ ഫലമണിയും കാലം

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2022-ലെ നോമ്പുകാലസന്ദേശത്തിന്റെ സംക്ഷിപ്തമാണിത്**

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാ രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022-ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തന വിഷയമാക്കാം:'നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം" (ഗലാ 6:9-10).

1. വിതയ്ക്കുന്നതും കൊയ്യുന്നതും

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്ത്തും എന്ന ചിത്രം (മത്താ 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലിനെകുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽകൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ



സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു" (Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്ര 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു.

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും" (2 കോറി 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (Evangelii Gaudium, 279 കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14–16 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, "ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു" (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു:

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, "നിത്യജീവന്റെ

ഫലമാണ്" (യോഹ 4:36); അത് നമ്മുടെ "സ്വർഗത്തിലുള്ള നിക്ഷേപമാണ്" (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്ന തിനായി നിലത്തുവീണ് അഴിയുന്ന വി ത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അട യാളമായി യേശുതന്നെയും ഉപയോഗ പ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഉപ യോഗിക്കുന്നു: "ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർ പ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്ക പ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെ ടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമിക ശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെ ങ്കിൽ, ആത്മീയശരീരവുമുണ്ട്" (1 കോറി 15:42-44). ഉത്ഥാനത്തിലുള്ള പ്രത്യാശയാ ണ് ഉത്ഥിതനായ ക്രിസ്തുലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം.

2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോ ന്നാതിരിക്കട്ടെ"

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമിക മായ പ്രത്യാശകളോടൊപ്പം നിത്യജീവ ന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യ വത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിത യ്ക്കുന്നു (Benedict XVI, Spe Salvi, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലു ള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യരുടെ സഹന ങ്ങളോട് നിസ്സംഗതയോടെ പെരുമാറാ നുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തി യെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യാഥാർഥ്യം: "യുവാ ക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം" (ഏശ 40: 30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബ ലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന വൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴു കന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല"(ഏശ 40:29,31).

പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പുതോ ന്നാതിരിക്കട്ടെ. "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യ മുണ്ട്. നമുക്കുപരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാ ണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബ്ബ ല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെ ങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈ വത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനു ഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂ ടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ല ല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമാ യും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല;

നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദൂരീക രിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരി ക്കട്ടെ. നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരീരികമായ ഉപവാസം പാപത്തിനെതി രേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം



ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണിതനാകുന്നില്ല എന്ന് അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്ക് മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്ക് മടുപ്പുതോന്നാതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്ക് നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തി ക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti,  43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti,  50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്ക് മടുപ്പുതോന്നാതിരിക്കട്ടെ. ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കിക്കൊണ്ട് നമുക്ക് ദാനധർമ്മം പരിശീലിക്കാം (2 കോറി 9:7 കാണുക). "വിതക്കാരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി 9:10) ദൈവം നമുക്ക് ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്ക് ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്ക് ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തുബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്ക് എത്തിനിൽക്കുന്നതിലും (ലൂക്കാ 10, 25–37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്ക് പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്ക് ഒരു നല്ലവാക്ക് നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച്



സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്ക് പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്ക് സമയം കണ്ടെത്താം (എ്യമലേഹ ഹശ ഠൗേശ, 193 കാണുക).

3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്ക് കൊയ്ത്തു നടത്താം".

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യദാർഢ്യം എന്നിവ ഒറ്റയടിക്ക് നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ടതാണ്'" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനിൽക്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്'" (ഏശ 55:7).

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്ക സമയത്ത് നമുക്ക് കൊയ്ത്ത് നടത്താം" എന്നു നമുക്ക് ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്ക് ലഭ്യമാകും എന്നും ( ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്ക് വിശ്വസിക്കാം.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകാമറിയം ക്ഷമയുടെ ദാനം നമുക്ക് വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.



സഭാനവീകരണം2022-25

# ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്ത്

സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.
ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

**2022 ഫെബ്രുവരി 25 ന് പിഒസിയിൽ നടന്നരൂപതാ പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളുടെ സംക്ഷിപ്തമാണിത്**



**ഫാ. സ്റ്റാൻലി മാതിരപ്പിള്ളി**

കേരള സഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസു കാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം.

കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കേരളസഭാനവീകരണ പരിപാടികൾ 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ

തിരുനാൾ വരെയായിരിക്കും.

**എന്റെ സഭ, എന്റെ ഭവനം എന്ന വികാരം**

സഭാംഗങ്ങളെല്ലാവരും അവരവരുടെ വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരാണ്. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും സമർപ്പിതർക്കും ഇതരശുശ്രൂഷകർക്കും ഉണ്ടാകണം. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

കേരള സഭാനവീകരണം നടക്കേണ്ടത് പ്രധാനമായും മൂന്നുപശ്ചാത്തലങ്ങളെ മുൻനിർത്തിയാണ്.

1. ആഗോളകത്തോലിക്കാസഭയിൽ സംഘടിക്കപ്പെടുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലം.

"ഒരു സിനഡാത്മകസഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം" എന്ന ആപ്തവാക്യത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് കൂട്ടായ്മയുടെയും സമവായത്തിന്റെയും പ്രേഷിതാഭിമുഖ്യത്തിന്റെയും നവചൈതന്യം കേരളസഭാനവീകരണയജ്ഞം ലക്ഷ്യം വയ്ക്കുന്നു.

2. കോവിഡനന്തര കേരളത്തിൽ കത്തോലിക്കാസഭയുടെ ദൗത്യവും സാക്ഷ്യവും എന്തായിരിക്കണമെന്നു തിരിച്ചറിഞ്ഞ് കേരളസഭയുടെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്താൻ സഭാനവീകരണ പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നു.

3. കേരള കത്തോലിക്കാസഭയിലെ സഭാകൂട്ടായ്മയിൽ വന്നുചേർന്നിട്ടുള്ള അപചയങ്ങളെ തിരിച്ചറിഞ്ഞ് പരിഹരിക്കുക എന്നത് ലക്ഷ്യം വയ്ക്കുന്നു.

നവീകരണപ്രക്രിയയിലെ ദൗത്യങ്ങളും പടികളും 1. കേരളസഭയുടെ വിശ്വാസയാത്രയിൽ കടന്നുവരുന്ന വഴികൾ വിലയിരുത്തണം.

2. വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വന്നുപോയ തെറ്റുകളും വീഴ്ചകളും തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യണം. 3. കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകൾ നല്കി കേരളസഭയിൽ സർവതല സ്പർശിയായ നവീകരണം സാധ്യമാക്കണം. 4. നവീകരണ പ്രക്രിയ ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും നടപ്പിലാക്കണം.

a . നവീകരണ പ്രക്രിയയിൽ നമ്മുടെ മുൻഗണന നിർണയിക്കുകയെന്നത് പ്രഥമ പ്രാധാന്യമർഹിക്കുന്നു. b . മുൻഗണനാക്രമത്തിൽ തയ്യാറാക്കപ്പെട്ട വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ തയ്യാറാക്കണം. c . ചോദ്യങ്ങളുടെ അടിസ്ഥാനത്തിലാണ് വിഷയങ്ങളുടെ രൂപരേഖ തയ്യാറാക്കേണ്ടത്. d . രൂപരേഖയുടെ അടിസ്ഥാനത്തിൽ ഇട




വകകൾ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കണം.
e . മുൻഗണനയനുസരിച്ച് നവീകരണം നടപ്പിലാക്കുന്നു.

***സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഫെറോന ഇടവക തലത്തിലും : ടീമുകളുടെ രൂപീകരണം, ബോധവത്ക്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നീ മൂന്ന് പ്രവർത്തന മേഖലകളാണുള്ളത്.***

ഒന്നാംഘട്ടം (2021–2022) – ശ്രുവണവും ആസൂത്രണവും , രണ്ടാംഘട്ടം (2022–2024) – നവീകരണം നടപ്പിൽ വരുത്തൽ
മൂന്നാംഘട്ടം (2024–2025) – നവീകരണത്തിന്റെ വിലയിരുത്തലുകളും തുടർനടപടികളും എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളാണുള്ളത്.
സഭാനവീകരണപ്രവർത്തനങ്ങളുടെ പ്രഥമവർഷം ഒരുക്കത്തിന്റെ കാലമാകണം. അതിൽ ആദ്യകാലം ശ്രുവണകാലമാകണം. സഭാനേതൃത്വത്തിലുള്ളവരെ മാത്രം കേൾക്കാതെ സാമൂഹിക– രാഷ്ട്രീയ–സാംസ്കാരിക രംഗത്തുള്ളവരെയും യുവജനങ്ങളെയും സാധാരണക്കാരെയും കേൾക്കാൻ അവസരമുണ്ടാകണം. സ്ഥിരം കേൾക്കുന്നവരെ തന്നെ കേൾക്കുന്ന രീതി മാറണം. മൂന്നു സഭകളുടെയും സെക്രട്ടറിയേറ്റുകൾ, രൂപതാപ്രതിനിധികൾ, വൈദികർ, സന്ന്യസ്തർ, യുവജനങ്ങൾ, ഇതരമതനേതൃത്വം, ഇതരസഭാനേതൃത്വം, കെസിബിസി കമ്മീഷനുകൾ തുടങ്ങി വിവിധ മേഖലകളിലുള്ളവരെ കേൾക്കാൻ അവസരം ഒരുക്കണം. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സഭയ്ക്കു പൊതു സമൂഹത്തിലുണ്ടായിട്ടുള്ള പ്രതിച്ഛായ എന്താണ് എന്നറിയണം. അതനുസരിച്ച്, പരിഹാരനടപടികൾ ആസുത്രണം ചെയ്യണം. ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള'ശ്രുവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം.

**കേരള സഭാനവീകരണത്തിന് 12 മേഖലകൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്**

**1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം:** സഭകൾ തമ്മിൽത്തമ്മിലും, സഭാംഗങ്ങൾക്കിടയിലും ചില ക്രൈസ്തവസമൂഹങ്ങൾക്കിടയിലും സമർപ്പിതരായ വ്യക്തികൾക്കിടയിൽപ്പോലും ഭിന്നതയുടെ വിവിധരൂപങ്ങൾ ഇന്നു വളർന്നു കൊണ്ടിരിക്കുന്നു. വിവിധ

റീത്തുകളിൽപ്പെട്ടവർ തമ്മിൽത്തമ്മിലുള്ള അനാരോഗ്യകരമായ അകല്ചകൾ, വിവിധ സന്ന്യാസസമൂഹങ്ങൾക്കിടയിലുള്ള പൊരുത്തക്കേടുകൾ, വൈദികർക്കും അല്മായർക്കുമിടയിലെ പ്രശ്നങ്ങൾ എന്നിങ്ങനെ ഏകശരീരത്തെ ഛിന്നഭിന്നമാക്കുന്ന പ്രവണതകൾക്ക് ഇന്ന് ശക്തികൂടിവരുന്നു. കേരളസഭാസമൂഹത്തിലെ ഭിന്നതകളുടെ മേഖലകൾ പരിഹരിക്കപ്പെടണം. അനുരഞ്ജനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സാധ്യതകൾ തേടുകയും ഒരു ശരീരവും വിവിധ അവയവങ്ങളും (1 കൊറി 12:1213) എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് ജീവിക്കുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്. കേരളസഭയിൽ ഇന്നുണ്ടായിട്ടുള്ള 'ജീർണത'യുടെ മേഖലകൾ – പ്രത്യേകിച്ച് സഭാസ്ഥാപനങ്ങൾ, സംവിധാനങ്ങൾ, വ്യക്തികൾ തുടങ്ങിയ മേഖലകൾ – കണ്ടെത്തി പരിഹരിക്കപ്പെടണം.

**2. പ്രാർത്ഥനാജീവിതം**

ചരിത്രത്തിലുടനീളം സഭയെ നയിക്കുകയും ഇന്നും സഭയെ നയിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ പഠനവിധേയമാക്കുകയും ആത്മാവിന്റെ സ്വരം ശ്രവിച്ചുകൊണ്ട് നവീകരണ പ്രക്രിയകൾ നടപ്പിലാക്കുകയും ചെയ്യേണ്ടതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. ദൈവാത്മിക ചൈതന്യത്തിൽ ഒരു AWAKENING സഭയിൽ സംഭവിക്കണം.

സഭയുടെ ഏറ്റവും വലിയ ശക്തിസ്രോതസ്സ് പരിശുദ്ധ കുർബാനയാണ്. ദിവ്യകാരുണ്യഭക്തിയും പ്രാർത്ഥനയും സഭയിൽ കൂടുതൽ ശക്തി പ്രാപിക്കണം. ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. വചനപഠനവും വചനാധിഷ്ഠിത ജീവിതവും പരിപോഷിപ്പിക്കപ്പെടണം. ദൈവവചനപ്രഘോഷണം കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങൾ ഒരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

**3. വിശ്വാസ പരിശീലനം**

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്.

കരിസ്മാറ്റിക് നവീകരണ മേഖലകളിലും ഇതര ആത്മീയ സംവിധാനങ്ങളിലും ഉള്ള നന്മകളെ പരിപോഷിപ്പിക്കുകയും സംഭവിച്ചിട്ടുള്ള അപചയങ്ങളെ തിരിച്ചറിഞ്ഞ് തിരുത്തുകയും വേണം. 'ഭൗതിക സുവിശേഷ'ത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിത ശിഷ്യത്വവും അന്യമാകും. വിശ്വാസപരിശീലനരംഗത്തും, ഗഇടഘ പോലുള്ള സംഘടനകളുടെ നേതൃത്വരംഗത്തും പ്രവർത്തിക്കാൻ അധ്യാപനരംഗത്തുള്ളവർ പൊതുവേ തല്പരരാകാത്തത് പ്രസ്തുത മേഖലകളിൽ തളർച്ചയും ചിലപ്പോഴെങ്കിലും ഫലശൂന്യതയും സൃഷ്ടിക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞു പരിഹരിക്കണം.

**4. അനുരഞ്ജന മേഖലകൾ**

സഭയുടെ ദർശനത്തിന് ചേർന്ന നേതൃത്വം അജപാലകരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് അവരുടെ ജീവിതശൈലിയിൽ. മെത്രാൻ – വൈദികബന്ധം,

വൈദിക - സന്ന്യസ്തബന്ധം, വൈദിക- അല്മായ ബന്ധം, തുടങ്ങി അജപാലക ശുശ്രൂഷാ രംഗത്തുള്ളവർ തമ്മിലുള്ള ബന്ധങ്ങൾ സുതാര്യവും ദൃഢവുമാകുന്നതിന് നട പടികൾ കൈക്കൊള്ളണം. പ്രത്യേകിച്ച്, മെത്രാനും കൂരിയയും വൈദികരേയും വിശ്വാ സികളേയും കേൾക്കുന്നതിൽ ഹൃദ്യത പുലർത്തണം. വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം.

5. ദരിദ്രരുടെ സഭ

'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (2 കോറി 5:14) എന്ന പൗ ലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്. ദരിദ്രരിലേക്കും പാർശ്വവല്ക്കരിക്കപ്പെട്ടവരിലേ ക്കും എത്തിച്ചേരാൻ വിളിക്കപ്പെട്ടവളാണ് സഭ. എന്നാൽ സഭയുടെ ശ്രദ്ധ പതിക്കപ്പെടാ തെ പോകുന്നവർ ഇന്ന് ഭൂരിപക്ഷമായി പോകുന്നുണ്ടോ എന്നു വിലയിരുത്തണം.

**6. പ്രേഷിത മാനസാന്തരം**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാ നമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവി ക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ആത്മീയ ലോകത്തിനപ്പുറം സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ സഭയുടെ ശ്രദ്ധ പതിച്ചുകൊണ്ട് 'സുവിശേഷവത്കരണത്തിലൂടെ മാനസാന്തരം സാധ്യ മാക്കുക' എന്ന ക്രൈസ്തവധർമ്മത്തിന് ഊന്നൽ നൽകണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലനശുശ്രൂഷയും പ്രേഷിത ശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. ജനങ്ങളുമാ യി ബന്ധമില്ലാത്ത ഉപയോഗശൂന്യമായ ഒരു സംവിധാനമോ കാലഹരണപ്പെട്ട ഒരു സ്ഥാപനമോ ആയി ഇടവകയും മറ്റു സഭാസംവിധാനങ്ങളും മാറരുത്. കാരണം ഇട വകയെന്നാൽ ഒരു പ്രാദേശിക സഭയുടെ സാന്നിധ്യമാണ്. അജപാലന ശുശ്രൂഷയിൽ ഭവനസന്ദർശനങ്ങൾക്കും സഹഗമനത്തിനുമൊക്കെ സമയം കണ്ടെത്താത്ത അജപാ ലകരുടെ എണ്ണം ഇന്നുകൂടി വരികയാണ്. ഈ പ്രവണത മാറണം .

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ്കാലം സമൂഹത്തിലും കുടുംബത്തിലും വ്യക്തികളുടെമേലും ഏല്പിച്ചുള്ള ക്ഷത ങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതദൗത്യത്തിലും ശൈലിയിലും മാറ്റം അനി വാര്യമായിരിക്കുന്നു എന്നത് തിരിച്ചറിയണം. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

അല്മായ വിശ്വാസികളുടെ ക്രിസ്തുശിഷ്യത്വത്തിന്റെ അടിസ്ഥാന സവിശേഷത അത് ലോകത്തിൽ ത്തന്നെ നിർവഹിക്കപ്പെടുന്നു എന്നതാണ്. ഭൗതികകാര്യങ്ങളിൽ യഥേഷ്ടം വ്യാപരിച്ചുകൊണ്ടും അവയെ ദൈവേഷ്ടമനുസരിച്ച് നയിച്ചുകൊണ്ടും ദൈവരാ ജ്യം അന്വേഷിക്കുക എന്നതാണ് അല്മായരുടെ കടമ. അല്മായരുടെ പ്രേഷിതത്വം സഭയുടെ തന്നെ രക്ഷാകരദൗത്യത്തിലുള്ള അവരുടെ ഭാഗഭാഗിത്വമാണ്.

## 10. യുവജനശുശ്രൂഷ

സഭയിലെ യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിക്കേണ്ടതുണ്ട്. സഭയോടും സമൂഹത്തോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറ രൂപപ്പെടുന്നതിനുപകരം സഭയിൽ നിന്നും സഭാ ശുശ്രൂഷാകരിൽനിന്നുമൊക്കെ ഏറെ അകന്നുനിൽക്കാൻ ഇഷ്ടപ്പെടുന്ന ഇന്ന
ത്തെ സാഹചര്യം പഠനവിധേയമാക്കി പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ള ണം. യുവജനങ്ങൾക്കും കുട്ടികൾക്കും ഭരണഘടനയെ സംബന്ധിച്ചും രാഷ്ട്രീയ സംവിധാ നങ്ങളെ
സംബന്ധിച്ചുമുള്ള അറിവും പരിശീലനവും നൽകാൻ സംവിധാനമൊരുക്കണം. സഭയിലെ ബഹുഭൂരിപക്ഷം വരുന്നവർ 40 വയസ്സിനു താഴെയുള്ളവരാണെന്നു മന സ്സിലാക്കി അവരെ കേൾക്കാനും അവരോടൊത്ത് നവീനപ്രക്രിയകൾ ആസൂത്രണം ചെയ്യാനും കഴിയണം. യുവജനം എന്തു പ്രതീക്ഷി ക്കുന്നുവെന്നു യുവജനങ്ങളിൽനിന്നു കേൾക്കണം. അവരുടെ ഭാഷയും ശൈലിയും രീതികളും അജപാലനമേഖലയിലുള്ളവർ മനസ്സിലാക്കണം.

## 11. പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയങ്ങൾ കേവലം ജൈവവിഷയങ്ങളായി കണക്കാക്കാനാവില്ല, സാമ്പ ത്തിക ബന്ധങ്ങളെയും നീതിപൂർവകമായ വിഭവവിനിയോഗത്തെയും സംബന്ധിച്ചുള്ള ആത്മീയ നിലപാടുകൾ ബലപ്പെടുത്തേണ്ട ധാർമ്മിക പ്രശ്നം തന്നെയാണവ. പ്രകൃതി യുടെ അജപാലനസംരക്ഷണം പരമദരിദ്രർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെ ട്ടുന്നവർക്കുമുള്ള നീതിയുമായി ബന്ധപ്പെട്ടതാണ് എന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി ക്രമപ്പെടുത്താനും നിലനിറുത്താനും പരി സ്ഥിതിയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സഹായകമാകുന്ന ശ്രമങ്ങളും ഉദ്യ മങ്ങളും നമ്മുടെ സാമൂഹിക ശുശ്രൂഷയുടെ സജീവഭാഗമാകണം.

## 12. സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതരമതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹു മാനവും ആദരവും പുലർത്തിയാണ് നിലകൊണ്ടിട്ടുള്ളത്. ഇതരമതവിഭാഗങ്ങളുമായി സഭയുടെ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനാവണം.ഇക്കാര്യത്തിൽ വിശ്വാസീ സമൂഹത്തിനുള്ള ആശങ്കകൾ പരിഹരിക്ക പ്പെടേണ്ടതുണ്ട്. മാത്രമല്ല, സാമൂഹിക ജീ വിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ച് പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും സഭകളുമായുള്ള ബന്ധങ്ങൾ സഹായകമാകണം.

## ഉപസംഹാരം

മാറ്റമില്ലാത്ത വിശ്വാസനിക്ഷേപം മാറുന്ന കാലത്തിനൊത്ത് കൈമാറാൻ നമ്മൾ ബാ ധ്യസ്ഥരാണ്. ഇന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന വർഗീയത, പരിസ്ഥിതി നാശം, മലിനീകരണം, നെഗറ്റീവ് ജെൻഡർ ഇൻബാലൻസ്, ഉയർന്ന വൃദ്ധജനസംഖ്യ, കുടും ബബന്ധങ്ങളുടെ തകർച്ച, ലൈംഗിക അരാജകത്വം, കുടിയേറ്റം, ദാരിദ്ര്യം, ഒഴിഞ്ഞുപോ ക്ക്, ആത്മീയതയ്ക്കു സ്ഥാനമില്ലാത്ത റൗണ്ട് ദ ക്ലോക്ക് തൊഴിൽ സംസ്കാരം, തൊഴിൽ മേഖലകളിലെ അസ്ഥിരതയും അതുണ്ടാക്കുന്ന വിഹ്വലതകളും തുടങ്ങി എല്ലാ വെല്ലുവിളി കളും ആശങ്കകളും കേരളസഭാനവീകരണ പശ്ചാത്തലത്തിൽ വിശദമായി പരിഗണിക്ക പ്പെടണം.



# ദ്രോഹിച്ചവർക്കായുള്ള പ്രാർത്ഥന: തിന്മയെ നന്മയാക്കാനുള്ള ആദ്യപടിയെന്ന് ഫ്രാൻസീസ് പാപ്പ

*2022 ഫെബ്രുവരി 20 ന് പരി.പിതാവ് ഫ്രാൻസീസ് പാപ്പ നൽകിയ സന്ദേശം ജീവിതത്തിൽ ഏതൊരാളും സ്വീകരി ക്കേണ്ടതും അനുവർത്തിക്കേണ്ടതും ആയ അടിസ്ഥാന തത്വത്തെ കുറിച്ചായിരുന്നു.*




അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**

വി.ലൂക്കാ 6:27–38 വിശദീകരിച്ച് അജപാലനാത്മകമായ പ്രായോഗികത അദ്ദേഹം നൽകി. ശത്രുക്കൾക്കു മുമ്പിൽ, എതിർക്കുന്നവർക്കു മുമ്പിൽ, നമ്മെ ദ്രോഹിക്കുന്നവർക്കു മുമ്പിൽ, സഹജവാസനകൾക്കും വിദ്വേഷത്തിനും വഴങ്ങാതെ അവയെ മറികടന്ന് വളരെ കൂടുതൽ അപ്പുറത്തേക്കു പോകാൻ ക്രിസ്തുശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.
ഈശോ പറയുന്നത് "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ വെറുക്കുന്നവർക്ക് നന്മ ചെയ്യുക" (ലൂക്കാ: 6:27) എന്നും "നിങ്ങളുടെ ഒരു കരണത്ത് അടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചു കൊടുക്കുക" (ലൂക്കാ: 6.29) എന്നുമാണ്.

എന്നാൽ ഇന്ന് ഇത് കേൾക്കുമ്പോൾ അസാദ്ധ്യമായത് കർത്താവ് ചോദിക്കുന്നുവെന്നും, എന്തിന് ശത്രുക്കളെ സ്നേഹിക്കണമെന്നും, ഭീഷണി ഉയർത്തുന്നവരോട് പ്രതിക

രിച്ചില്ലെങ്കിൽ എല്ലാ ദുഷ്ചെയ്തികൾക്കും പച്ചക്കൊടി കാണിക്കുകയായിരിക്കും എന്നും, മറ്റും വാദിക്കുന്നവരുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരം ചിന്തകൾക്കുള്ള മറുപടിയാണ് പാപ്പാ നൽകുന്നത്. ഈശോയെ നോക്കാനാണ് പാപ്പ ഇവിടെ നമ്മോട് ആവശ്യപ്പെടുന്നത്. പീഡാസഹന വേളയിൽ, മഹാപുരോഹിതന്റെ  മുമ്പാകെയുള്ള അന്യായമായ വിചാരണ വേളയിൽ കാവൽക്കാരിലൊരുവൻ ഈശോയുടെ മുഖത്ത് അടിച്ചപ്പോൾ ഈശോ പ്രതികരിച്ചത് നമുക്ക് മാതൃകയാണ്. ഈശോ  കാവൽക്കാരനെ നിന്ദിക്കുന്നില്ല മറിച്ച് അവനോട് പറയുന്നു: "ഞാൻ മോശമായി സംസാരിച്ചിട്ടുണ്ടെങ്കിൽ തെറ്റ് എവിടെയാണെന്ന് എന്നെ കാണിക്കു. പക്ഷെ ഞാൻ പറഞ്ഞത് ശരിയാണെങ്കിൽ പിന്നെ എന്തിനാണ് എന്നെ അടിച്ചത്" (യോഹ:18:23). തനിക്കേറ്റ തിന്മയുടെ കണക്ക് അവിടുന്ന് ചോദിക്കുന്നു. മറ്റേ ചെകിട് കാണിച്ചു കൊടുക്കുക എന്നതിന്റെ  വിവക്ഷ മൗനമായി സഹിക്കുക അനീതിക്ക് വഴങ്ങുക എന്നല്ല. തന്റെ ചോദ്യത്തിലൂടെ ഈശോ അനീതിയെ അപലപിക്കുന്നു. എന്നാൽ ഈശോ ഇത് ചെയ്യുന്നത് കോപരഹിതനായി ശാന്തതയോടെയാണ്. ഒരു തർക്കത്തിന് തുടക്കമിടാനല്ല ഈശോ ആഗ്രഹിക്കുന്നത്. പിന്നെയോ മാത്സര്യം ശമിപ്പിക്കാനാണ്. ഇത് വളരെ പ്രധാനമാണ്. അതായത് തെറ്റുകാരനായ സഹോദരനെ വീണ്ടെടുക്കാൻ ശ്രമിച്ചു കൊണ്ട് അനീതിയും വിദ്വേഷവും ഒരുമിച്ച് ഇല്ലാതാക്കലാണ്. അത്ര എളുപ്പമുള്ള കാര്യമല്ല ഇത്. ഈശോ അതു ചെയ്തു. ഇപ്രകാരം ചെയ്യാനാണ്  നമ്മെയും പാപ്പാ പ്രബോധിപ്പിക്കുന്നത്. ഈശോയുടെ സൗമ്യത തനിക്ക് ലഭിച്ച അടിയേക്കാൾ ശക്തമായ പ്രതികരണമാണ്. സ്നേഹപ്രകടനമാണ്. ഇതു പോലെ എല്ലാ പ്രതികാരങ്ങളേയും നിരാകരിക്കുന്ന ഒരു പ്രവർത്തന ശൈലി നാം ഹൃദയത്തിൽ സൃഷ്ടിക്കണമെന്നാണ് പാപ്പ പഠിപ്പിക്കുന്നത്. ഈശോയിൽ നിന്ന് നമുക്ക് ലഭിക്കുന്ന സൗജന്യവും അനർഹവുമായ സ്നേഹമാണ് എല്ലാ പ്രതികാരങ്ങളേയും നിരാകരിക്കുന്ന, ഈശോയ്ക്ക് സമാനമായ പ്രവർത്തന ശൈലി ഹൃദയത്തിൽ സൃഷ്ടിക്കുക. നമ്മുടെ സാമാന്യ സ്വഭാവം പ്രതികാരബുദ്ധി നിറഞ്ഞതാണ്. "നീ എന്നെ അങ്ങനെ ചെയ്തു അതുകൊണ്ട് ഞാൻ നിന്നെ ഇങ്ങനെ ചെയ്യും" ഇങ്ങനെ വാദിക്കുന്നവരും പക ഹൃദയത്തിൽ സൂക്ഷിക്കുന്നവരുമാണ് നാം. ഇത് ഹാനികരവും ആളെ നശിപ്പിക്കുന്നതുമാണെന്ന് പാപ്പാ പറയുന്നു. സ്വന്തം ശത്രുവിനെ സ്നേഹിക്കാൻ നമുക്ക് സ്വന്തം ശക്തിയിൽ കഴിയുമോ? ഇല്ല എന്നാണ് പാപ്പാ പറയുന്നത്. എന്നാൽ കർത്താവ് എന്തെങ്കിലും ആവശ്യപ്പെടുമ്പോൾ അതിനുള്ള ശക്തി നൽകാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ശത്രുക്കളെ സ്നേഹിക്കണമെന്ന് ഈശോ പറയുമ്പോൾ അതിനുള്ള കഴിവ് നൽകാൻ അവിടുന്ന് ആഗ്രഹിക്കുന്നു എന്നാണ് പാപ്പ ഉറപ്പിച്ച് പറയുന്നത്. വി. അഗസ്റ്റിനെ ഉദ്ധരിച്ച് പാപ്പാ പ്രബോധിപ്പിക്കുന്നു: നമുക്ക് ദൈവം  സന്തോഷത്തോടെ നൽകുന്നത് സ്നേഹിക്കാനുള്ള ശക്തിയാണ്. അത് ഒരു വസ്തുവല്ല മറിച്ച് പരിശുദ്ധാത്മാവാണ്. അതായത്  സ്നേഹിക്കാനുള്ള ശക്തി പരിശുദ്ധാരൂപിയാണ്. ക്രിസ്ത്യാനി ഈ ആത്മാവിനാൽ നിറയണം അതിനായി പ്രാർത്ഥിക്കണം. ഇത് ആണ് ക്രിസ്ത്യാനിയുടെ അടയാളവും അഭിമാനവും. ഈ സ്നേഹാരൂപിയില്ലാത്തത് സങ്കടകരമാണ് എന്ന് പാപ്പാ വേദനയോടെ ഏറ്റു പറയുന്നു. നമ്മെ ദ്രോഹിച്ചവർക്കു വേണ്ടി (ലൂക്ക6:28) പ്രാർത്ഥിക്കാം.

പ്രായോഗികമായി പാപ്പ പറയുന്നു: "നമുക്ക് ഉപദ്രവമുണ്ടായാൽ അത് നാം മറ്റുള്ളവരോട് പറയുകയും നാം ഇരയാണെന്ന ഭാവം പുലർത്തുകയും ചെയ്യുന്നു. അപ്പോൾ ഒരു നിമിഷം നിൽക്കുക. ആ വ്യക്തിക്കായി  പ്രാർത്ഥിക്കുക. അങ്ങനെ അവനെ സഹായിക്കുക. അതു വഴി പ്രതികാരാഭിവാഞ്ച  ഇല്ലാതാക്കുക." എല്ലാവരേയും സ്നേഹിച്ച് സമാധാനത്തിൽ സ്വീകരിച്ച പരി. കന്യകാമറിയം നമ്മെ സഹായിക്കട്ടെ. നന്ദി.




# ‘വാഗ്ദാനത്തിന്റെ മക്കൾ’ നിയമത്തിന് വിധേയരല്ല !



***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 5

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

യേശുക്രിസ്തുവുമായി സ്നേഹത്തിലാകുകയും രക്ഷ എന്താണെന്ന് നന്നായി ഗ്രഹിക്കുകയും ചെയ്ത വിശുദ്ധ പൗലോസ് നമ്മെ പഠിപ്പിക്കുന്നത്, യേശുക്രിസ്തുവിനാൽ നാമെല്ലാവരും നീതീകരിക്കപ്പെട്ടുവെന്നും, 'വാഗ്ദാനത്തിന്റെ മക്കൾ' (ഗലാത്യർ 4:28) ന്യായപ്രമാണത്തിന് വിധേയരല്ല, മറിച്ച്, സുവിശേഷ സ്വാതന്ത്ര്യം ആവശ്യപ്പെടുന്ന ഒരു ജീവിതശൈലിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്. എന്നിരുന്നാലും, നിയമം നിലവിലുണ്ട്. അതേ നിയമം മറ്റൊരു രൂപത്തിലുണ്ട്, അതായത്, പത്തുകല്പനകൾ. അതുകൊണ്ട്, ഇന്നത്തെ പ്രബോധനത്തിൽ അത് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് സ്വയം ചോദിക്കാം: ഗലാത്യർക്കുള്ള കത്ത് അനുസരിച്ച്, നിയമത്തിന്റെ പങ്ക് എന്താണ്? നാം ഇന്നു വായിച്ചുകേട്ട ഭാഗത്തിൽ, നിയമം ഒരു അദ്ധ്യാപകനെപ്പോലെയാണെന്ന് പൗലോസ് സമർത്ഥിക്കുന്നു. ഇത് ശരിയായ അർത്ഥത്തിൽ മനസ്സിലാക്കേണ്ടതായ ഒരു മനോഹര ചിത്രമാണ്.

**ഒരു 'മുമ്പും' ഒരു 'പിമ്പും'**

പരിത്രാണചരിത്രത്തെയും സ്വന്തം ചരിത്രത്തെയും രണ്ടു ഘട്ടങ്ങളായി വിഭജിക്കാൻ

അപ്പോസ്തലൻ ക്രൈസ്തവരോട് നിർദ്ദേശിക്കുന്നതായി തോന്നുന്നു: അതായത്, വിശ്വാസം സ്വീകരിച്ചതിനു മുമ്പും അതിനു ശേഷവും. രക്ഷയുടെ ഉറവിടമായ ദൈവപുത്രനിൽ വിശ്വസിക്കേണ്ടതിന് പൗലോസ് പ്രസംഗിച്ച യേശുവിന്റെ മരണ–പുനരുത്ഥാന സംഭവങ്ങളാണ് കേന്ദ്രസ്ഥാനത്ത് നില്ക്കുന്നത്. അതിനാൽ, ക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്ന് ആരംഭിക്കുന്നതിന്, നിയമത്തെ സംബന്ധിച്ചിടത്തോളം, ഒരു 'മുമ്പും' ഒരു 'പിമ്പും' ഉണ്ട്. "നിയമത്തിന് വിധേയമായിരിക്കുന്ന" എന്നതാണ് മുൻ ചരിത്രത്തെ നിർണ്ണയിക്കുന്നത്; തുടർന്നുള്ള ഘട്ടം ജീവിക്കേണ്ടത് പരിശുദ്ധാത്മാവിന് അനുസൃതമായിട്ടാണ്. (ഗലാ . 5:25). ഇതാദ്യമായാണ് പൗലോസ് 'നിയമത്തിന് കീഴിൽ' എന്ന പ്രയോഗം ഉപയോഗിക്കുന്നത്. അടിമകളുടെതായ ഒരു നിഷേധാത്മക ദാസ്യം എന്ന ആശയം ഇതിൽ അന്തർലീനമായിരിക്കുന്നു. ഒരാൾ 'നിയമത്തിന് വിധേയ'മായിരിക്കുമ്പോൾ അയാൾ 'നിരീക്ഷണവിധേയനെ'പ്പോലെയാണ്, 'തടവിലാക്കപ്പെട്ടവനെ' പോലെയാണ്, ഒരുതരം പ്രതിരോധ തടവിലെന്നപോലെയാണ് എന്നു പറഞ്ഞുകൊണ്ട് അപ്പോസ്തലൻ ഇത് വിശദീകരിക്കുന്നു. വിശുദ്ധ പൗലോസ് പറയുന്നു, ഈ കാലം നീണ്ടു നിന്നു, അതായത്, മോശ മുതൽ യേശുവിന്റെ ആഗമനം വരെ, പാപത്തിൽ ജീവിക്കുന്നിടത്തോളം കാലം അത് നിലനിൽക്കുന്നു.

### ലംഘനത്തിനു പ്രേരിപ്പിക്കുന്ന നിയമം

നിയമവും പാപവും തമ്മിലുള്ള ബന്ധം കൂടുതൽ ക്രോഡീകൃതമാം വിധം അപ്പോസ്തലൻ ഗലാത്യക്കാർക്കുള്ള കത്തിനു ശേഷം ഏതാനും വർഷങ്ങൾ കഴിഞ്ഞ് എഴുതിയ റോമാക്കാർക്കുള്ള ലേഖനത്തിൽ അവതരിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ, നിയമം ലംഘനത്തെ നിർവ്വചിക്കുന്നതിലേക്കും ആളുകളെ അവരുടെ പാപത്തെക്കുറിച്ച് അവബോധമുള്ളവരാക്കുന്നതിലേക്കും നയിക്കുന്നു. വാസ്തവത്തിൽ, പൊതുവായ അനുഭവം പഠിപ്പിക്കുന്നത് പോലെ, ലംഘനം നടത്താൻ പ്രചോദനമേകുന്നതിൽ ചെന്നവസാനിക്കുന്ന നിയമം. റോമാക്കാർക്കുള്ള കത്തിൽ പൗലോസ് ഇങ്ങനെ എഴുതുന്നു: «ഞങ്ങൾ ജഡത്തിന്റെ ബലഹീനതയിൽ ആയിരുന്നപ്പോൾ, നിയമത്താൽ ഉത്തേജിതമായ പാപകരങ്ങളായ വികാരങ്ങൾ, മരണത്തിന്റെ ഫലം കായ്ക്കത്തക്കവിധം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു. എന്നാൽ, നമ്മെ ബന്ധനത്തിലാക്കിയവയോടു മരിച്ച നമ്മൾ, ഇപ്പോൾ, നിയമത്തിൽ നിന്ന് മോചിതരായി ' (റോമ 7,5–6). ഒരു ശിലാഫലകത്തിലെന്നപോലെ, പൗലോസ് നിയമത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് കൃത്യമായി വ്യക്തമാക്കുന്നു: 'മരണത്തിൻറ ദംശനം പാപവും പാപത്തിൻറെ ശക്തി നിയമവുമാണ്" (1 കോറിന്തോസ് 15:56).

### നിയമത്തിന്റെ പ്രബോധക ദൗത്യം

ഈ സന്ദർഭത്തിൽ, നിയമം വഹിക്കുന്ന അദ്ധ്യാപനപരമായ പങ്കിനെക്കുറിച്ചുള്ള പരാമർശം പൂർണ്ണ അർത്ഥം കൈവരിക്കുന്നു. ഇന്ന് നാം അദ്ധ്യാപകന് കല്പിക്കുന്ന ഒരു ദൗത്യം, അതായത്, ആൺകുട്ടിയുടെയോ പെൺകുട്ടിയുടെയോ വിദ്യാഭ്യാസത്തിന് പിന്തുണയേകുക എന്ന പങ്ക്, പൗരാണിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രബോധകന് ഉണ്ടായിരുന്നില്ല. അക്കാലത്ത്, യജമാനന്റെ മകനെ ഗുരുവിന്റെ പക്കലെത്തിക്കുകയും അവനെ തിരികെ വീട്ടിലേക്ക് കൊണ്ടുവരുകയും ചെയ്യുകയെന്ന ചുമതല അടിമയ്ക്കായിരുന്നു. അങ്ങനെ, കുട്ടിയെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ദുശ്ശീലങ്ങളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക അവൻറെ കടമയാണ്. അവന്റെ ദൗത്യം പ്രധാ

നമായും ശിക്ഷണപരമായിരുന്നു. കുട്ടി പ്രായപൂർത്തിയാകുന്നതോടെ, പ്രബോധകന്റെ കടമകൾ അവസാനിക്കുന്നു. പൗലോസ് വിവക്ഷിക്കുന്ന പ്രബോധകൻ അദ്ധ്യാപകനല്ല, മറിച്ച്, കുട്ടിയെ വിദ്യാലയത്തിലേക്കു കൊണ്ടു പോകുകയും അവന് കാവലായിരിക്കുകയും ഭവനത്തിൽ തിരിച്ചെത്തിക്കുകയും ചെയ്യുന്നയാളാണ്.

**ഇസ്രായേൽ ജനത്തിന്റെ 'തോറ', നിയമത്തിന്റെ പ്രത്യക്ഷ ദൗത്യം**

ഈ വാക്കുകളാൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത് വഴി വിശുദ്ധ പൗലോസിനെ, ഇസ്രായേലിന്റെ ചരിത്രത്തിൽ നിയമം വഹിച്ച പങ്ക് വ്യക്തമാക്കാൻ പ്രാപ്തനാക്കുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്ന് സ്വന്തം ജനത്തോടുള്ള മഹത്തായ ഒരു പ്രവൃത്തിയാണ് തോറ (Torah). തീർച്ചയായും അതിന് നിയന്ത്രിതമായ പ്രവർത്തനങ്ങളുണ്ടായിരുന്നു, എന്നാൽ അതേ സമയം അത് ജനങ്ങളെ, വിദ്യാസമ്പന്നരും, അച്ചടക്കമുള്ളവരുമാക്കുകയും അവരുടെ ബലഹീനതയിൽ പിന്തുണയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് അപ്പോസ്തലൻ തുടർന്ന് ശൈശവഘട്ടത്തെക്കുറിച്ച് വിവരിക്കുന്നത്: 'പിന്തുടർച്ചാവകാശമുള്ളവനാണെങ്കിലും, കുട്ടിയായിരിക്കുന്നിടത്തോളം കാലം, അവൻ ഒരു അടിമയിൽ നിന്ന് വിഭിന്നനല്ല. പിതാവ് നിശ്ചയിച്ച കാലാവധിവരെ അവൻ രക്ഷിതാക്കളുടെയും ഭരണാധികാരികളുടെയും സംരക്ഷണത്തിലായിരിക്കും. നമ്മുടെ കാര്യവും ഇതുപോലെ തന്നെ; നമ്മൾ ശിശുക്കളായിരുന്നപ്പോൾ പ്രകൃതിയുടെ ശക്തികൾക്ക് അടിമപ്പെട്ടിരുന്നു '(ഗലാത്യർ 4: 1–3). ചുരുക്കത്തിൽ, പൗലോസ് അപ്പോസ്തലന്റെ ബോധ്യം ഇതാണ്: നിയമത്തിന് തീർച്ചയായും
അതിന്റേതായ പ്രത്യക്ഷ കർമ്മമുണ്ട്, എന്നാലത് സമയപരിമിതിയുള്ളതാണ്. അതിന്റെ ദൈർഘ്യം ഈ പരിധിക്കപ്പുറം നീട്ടാൻ കഴിയില്ല, കാരണം ഇത് ആളുകളുടെ പക്വതയുമായും അവരുടെ സ്വതന്ത്ര തിരഞ്ഞെടുപ്പുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒരുവൻ വിശ്വാസം പ്രാപിച്ചുകഴിഞ്ഞാൽ, നിയമത്തിന്റെ പ്രാരംഭക മൂല്യം ഇല്ലാതാകുകയും നിയമം മറ്റൊരു അധികാരശക്തിക്ക് വഴിമാറുകയും വേണം.

**നാം നിയമത്തിന്റെ കാലഘട്ടത്തിലോ**
**ദൈവമക്കൾക്കടുത്ത കൃപയുടെ സമയത്തിലോ?**

നിയമത്തിൻറെ മൂല്യത്തെക്കുറിച്ചുള്ള ഈ പ്രബോധനം സുപ്രധാനവും, തെറ്റിദ്ധാരണകളിൽ വീഴാതിരിക്കാനും തെറ്റായ ചുവടുകൾ വയ്ക്കാതിരിയ്ക്കാനും ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതുമാണ്. നമുക്ക് നിയമം ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണോ നമ്മൾ ഇപ്പോഴും ജീവിക്കുന്നതെന്നും, അതോ, സ്നേഹത്തിൽ ജീവിക്കാൻ ദൈവമക്കളായിത്തീരുന്നതിനുള്ള കൃപ ലഭിച്ചവരാണെന്ന ഉത്തമ ബോധ്യമുള്ളവരാണോ എന്നും സ്വയം ചോദിക്കുന്നത് നല്ലതാണ്. ഞാൻ എങ്ങനെയാണ് ജീവിക്കുന്നത്? ഞാൻ ഇത് ചെയ്തില്ലെങ്കിൽ നരകത്തിൽ പോകും എന്ന ഭയത്തിലാണോ? അതോ യേശുക്രിസ്തുവിലുള്ള സൗജന്യ രക്ഷയുടെ സന്തോഷത്തോടെയും പ്രത്യാശയോടെയുമാണോ ഞാൻ ജീവിക്കുന്നത്? അതൊരു നല്ല ചോദ്യമാണ്. രണ്ടാമത്തേതും: ഞാൻ കൽപ്പനകളെ പുച്ഛിക്കുന്നുണ്ടോ? ഇല്ല, ഞാൻ അവ പാലിക്കുന്നു, പക്ഷേ, അവയെ പരമമായി കരുതുന്നില്ല, കാരണം എന്നെ നീതീകരിക്കുന്നത് യേശുക്രിസ്തുവാണെന്ന് എനിക്കറിയാം.



# മരണാസന്നർക്ക് ആവശ്യം സാന്ത്വന പരിചരണമാണ്, ദയാവധമല്ല-ഫ്രാൻസിസ് പാപ്പാ



ജോബി ബേബി (നഴ്സ്, കുവൈററ്)

മരണാസന്നർക്ക് ആവശ്യം സാന്ത്വന പരിചരണമാണ്, ദയാവധമല്ലെന്ന് ഫ്രാൻസിസ് പാപ്പാ. ഫെബ്രുവരി ഒൻപതിന് പോൾ ആറാമൻ ഹാളിൽ നടന്ന പൊതു സദസ്സിലാണ് പാപ്പാ ഇപ്രകാരം പറഞ്ഞത്.പരിപാലിക്കപ്പെടുന്നതിനും ചികിത്സിക്കപ്പെടുന്നതിനുമുള്ള അവകാശത്തിന് എപ്പോഴും മുൻഗണന നൽകണം. അതിനാൽ ഏറ്റവും ദുർബലരായവർ, പ്രത്യേകിച്ച് പ്രായമായവരും രോഗികളും ഒരിക്കലും ഉപേക്ഷിക്കപ്പെടില്ല.ജീവിതം ഒരു അവകാശമാണെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

സ്വന്തം ഇഷ്ടപ്രകാരം തോന്നുന്നതു ചെയ്യുവാൻ സാധിക്കുന്ന വ്യക്തിസ്വത്തല്ല ജീവൻ എന്നാണ് എല്ലാ മതങ്ങളും വിശ്വസിക്കുന്നത്.കാരണം, ദൈവമാണ് നമുക്ക ജീവൻ നൽകിയവൻ.അല്പകാലത്തേക്കു മാത്രമായി നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ഈ ദാനത്തിന്റെ മേൽ സമ്പൂർണസ്വാതന്ത്ര്യം നമുക്കില്ല."നീ കൊല്ലരുത്" എന്നുള്ള എല്ലാ മതങ്ങളിലെയും കൽപ്പന എന്റെ ജീവനും ബാധകമാണ്.ജീവനും ജീവിതവും ഉണ്ടാവുക എന്ന ആഗ്രഹം മനുഷ്യന്റെ ഏറ്റവും അഗാധമായ ആഗ്രഹങ്ങളിൽ ഒന്നാണ്.അസഹനീയമായ വേദനയാൽ പുളയുമ്പോൾ ദയാവധത്തിനുവേണ്ടിയുള്ള രോദനം പോലും ജീവിക്കാൻ സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ളതാണെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു.അതി നപ്പുറം ദയാവധത്തിനായുള്ള അഭ്യർഥന എത്രമാത്രം സ്വതന്ത്രമാണ് എന്നും നാം അന്വേഷിക്കേണ്ടിയിരിക്കുന്നു.ജീവന്റേയും മരണത്തിന്റെയും നാഥൻ

ദൈവം മാത്രമാണ്.എന്നാൽ മരിച്ചു കൊണ്ടിരിക്കുന്ന വ്യക്തിക്ക് സാധ്യമായ എല്ലാ വൈദ്യസഹായവും മാനുഷിക പരിചരണവും നൽകി അയാളുടെ വേദന ലഘൂകരിക്കുന്നത് അയൽക്കാരനോടുള്ള സ്നേഹവും ഒരു കാരുണ്യപ്രവൃത്തിയുമാണ്. ഹോസ്പൈസ് മുന്നേറ്റവും പാലിയേറ്റീവ് മെഡിസിനും ഈ മേഖലയിൽ സുപ്രധാനമായ പ്രവർത്തനങ്ങളാണു കാഴ്ചവയ്ക്കുന്നത്.മരിക്കുന്ന വ്യക്തിയെ സഹായിക്കുക എന്നതല്ലാതെ, മരിക്കാൻ വ്യക്തിയെ സഹായിക്കുക എന്നതായിരിക്കരുത് ലക്ഷ്യം. ഇതനുസരിച്ച് ഒരു പക്ഷെ രോഗിയുടെ ആയുസ്സു കുറഞ്ഞേക്കാമെങ്കിൽ പോലും പ്രതീക്ഷയ്ക്കു വകയില്ലാത്ത ചികിത്സകൾ നിർത്തി വയ്ക്കാനും രോഗിയുടെ സഹനത്തിനു ശമനം നൽകുന്ന പാലിയേറ്റീവ് മരുന്നുകൾ നൽകുവാനുമുള്ള ധാർമികവും വൈദ്യശാസ്ത്രപരവുമായുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.പക്ഷേ ഇക്കാര്യങ്ങളിലെല്ലാം രോഗിയുടെ ഇഷ്ടം പരിഗണിക്കേണ്ടതുണ്ട്.രോഗിക്ക് ആഗ്രഹം വെളിപ്പെടുത്താൻ സാധിക്കാതെ വരികയോ, മുമ്പ് ആഗ്രഹം പ്രകടിപ്പിക്കാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ അധികാരപ്പെട്ട പ്രതിനിധിക്ക് തീരുമാനിക്കാവുന്നതാണ്.എന്നാൽ ഇവയെല്ലാം ധാർമിക നിയമത്തിനു ചേരുന്നവയായിരിക്കണം.

"ഹിംസ"പാടില്ല(Do not harm) എന്നത് ഒരു പ്രകൃതി നിയമമമാണ്.അത് ദൈവിക നിയമവുമാണ്.ഭാരതീയവീക്ഷണവും എല്ലാമതങ്ങളും ഹിംസയെ നിഷേധിക്കുന്നു കൂടാതെ ജീവന്റെ പാവനതയ്ക്ക് വളരെ ഉയർന്ന സ്ഥാനം നൽകുന്നു.ദയാവധം,ഗർഭച്ഛിദ്രം എന്നിവയ്ക്കെതിരെ എല്ലാമതങ്ങളുടെയും നിലപാട് കർക്കശമാണ്.ആത്മഹത്യകൾ വർധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ദയാവധം അനുവദിച്ചാൽ മരിക്കാനുള്ള അവകാശമാണെന്ന് പ്രഖ്യാപിച്ചു അനേകർ ജീവനൊടുക്കുവാൻ സാധ്യതയുണ്ട്.

പ്രായമായവർ മനുഷ്യകുലത്തിന്റെ നിധി

ഈ സന്ദർഭത്തിൽ സുപ്രധാനമായ ഒരു സാമൂഹിക പ്രശ്നം അടിവരയിട്ടു കാണിക്കുന്നത് ഉചിതമായിരിക്കും. ചില സമൂഹങ്ങളിൽ വൃദ്ധജനങ്ങൾക്ക് സാമ്പത്തിക മാർഗമില്ലാത്തതിനാൽ, അവർക്ക് മതിയായ മരുന്ന് ലഭ്യമാക്കുന്നില്ല. ഇത് മനുഷ്യത്വരഹിതമാണ്. ഇത് അവരെ സഹായിക്കുകയല്ല, മറിച്ച് അവരെ കൂടുതൽ വേഗത്തിൽ മരണത്തിലേക്ക് തള്ളിവിടുകയാണ്. ഇത് മാനുഷികമോ ക്രൈസ്തവികമോ അല്ല. കാരണം, പ്രായമായവർ മനുഷ്യകുലത്തിന്റെ നിധിയാണ്. അവരാണ് നമ്മുടെ ജ്ഞാനം.അവർ സംസാരിക്കുന്നില്ലെങ്കിലും അവർ ബോധം നഷ്ടപ്പെട്ടവരാണെങ്കിലും പോലും അവർ മാനവ ജ്ഞാനത്തിന്റെ പ്രതീകമാണ്. ദയവായി പ്രായമായവരെ ഒറ്റപ്പെടുത്തരുത്, പ്രായമായവരുടെ മരണം വേഗത്തിലാക്കരുത്. പ്രായമായ ഒരാളെ തഴുകുമ്പോൾ പകരപ്പെടുന്നത് ഒരു കുട്ടിയെ ലാളിക്കുന്ന അതേ പ്രതീക്ഷയാണ്. കാരണം, ജീവിതത്തിന്റെ തുടക്കവും ഒടുക്കവും എല്ലായ്പ്പോഴും ഒരു നിഗൂഢതയാണ്. ആദരിക്കുകയും അനുഗമിക്കുകയും പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ട ഒരു രഹസ്യമാണതെന്നും പാപ്പ കൂട്ടിച്ചേർത്തു.



ദയാവധം എന്നത് ഒരു വ്യക്തിയെ അവന്റെ വേദനയിൽനിന്ന് സ്വതന്ത്രമാക്കുന്ന ഒന്നല്ല.അത് യഥാർത്ഥത്തിൽ മനുഷ്യന്റെ പ്രത്യാശയെ തകർത്തു കളയുന്ന പ്രവൃത്തിയാണ്. വൈദ്യശാസ്ത്രപരമായി നോക്കുമ്പോൾ ഈ രോഗികൾ പ്രതീക്ഷ നഷ്ടപ്പെട്ടവരും കഠിന വേദന സഹിക്കുന്നവരും ഉപയോഗശൂന്യരുമാകാം.എന്തൊക്കെ കാരണങ്ങളുണ്ടായാലും അവർക്കുവേണ്ടി നാം മരണം തിരഞ്ഞെടുക്കുമ്പോൾ അത് ജീവിതത്തോടുള്ള അവരുടെ പ്രതീക്ഷ നഷ്ടപ്പെടുത്തുകയും ബന്ധങ്ങൾ അറുത്തുമാറ്റുകയുമാണ് ചെയ്യുന്നത്.ഒരു രോഗിയെ പാലിയേറ്റീവ് കെയറിലോ ആശുപത്രിയിലോ പരിചരിക്കുമ്പോൾ നാം ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തെയാണ് അതിലൂടെ മാനിക്കുന്നത്.

ആര് ചത്താലും വേണ്ടില്ല കീശ നിറയണമെന്നാണോ ?

കച്ചവടവത്ക്കരിക്കപ്പെട്ട ദയാവധം ഏതു തരത്തിൽപ്പെട്ടതാണെങ്കിലും എതിർക്കപ്പെടേണ്ടതാണ്.മനുഷ്യജീവനു വിലയിടാൻ പറ്റില്ല. മരണം ലാഭകരമായ ഒരു കച്ചവടമായിത്തീരാനും പാടില്ല. കാശുവാങ്ങി ദയാവധം നൽകുന്ന യാതൊരു സംഘടനയ്ക്കും കമ്പനിക്കും യാതൊരുവിധ ധാർമികതയും അവകാശപ്പെടാനാവില്ല.ഡോക്ടറുടെ സഹായത്തോടെ നടത്തുന്ന ആത്മഹത്യയും നിരസിക്കപ്പെടേണ്ടതു തന്നെയാണ്.ഡോക്ടർ ഒരിക്കലും രോഗിയുടെ മരിക്കുവാനുള്ള ആഗ്രഹപൂർത്തീകരണ ത്തിനുള്ള ഉപകരണമായിത്തീരാൻ പാടില്ല.ദയാവധം നൽകുന്ന ഓരോ ഡോക്ടറും നേഴ്സും സൗഖ്യദായകനെ കൊലപാതകിയാക്കി മാറ്റുന്നു. രോഗിയുടെ സഹനത്തെ നാം അവഗണിക്കുന്നു എന്നല്ല ഇതിന്റെ അർഥം.മെച്ചപ്പെട്ട പാലിയേറ്റീവ് മെഡിസിനും ഹോസ്പൈസ് പരിചരണവും മരണശയ്യയിൽ ആയിരിക്കുന്നവർക്കു ലഭ്യമാകുക എന്നതാണ് സുപ്രധാനം. രോഗിയുടെ ജീവൻ നിലനിറുത്താൻ എന്തും ചെലവഴിക്കാനും ഏതറ്റം വരെ പോകാനും ശ്രമിക്കുന്നവരുടെ നാടാണ് കേരളം.മാറാ രോഗികൾക്ക് കഴിയുന്നത്ര സാന്ത്വന പരിചരണം നല്കാൻ ശ്രമിക്കുന്ന ഒരു ആരോഗ്യപരിരക്ഷണ സംസ്കാരവും നമുക്കുണ്ട്.

ദയാ വധത്തിനെതിരെ നിലപാടെടുക്കണം

ഇന്നത്തെ പശ്ചാത്തലം രോഗികളോടും ശാരീരിക വൈകല്യമുള്ളവരോടും വൃദ്ധരോടും നിഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത്.അവരിൽ ചിലർ സ്വയമായി മരിക്കാൻ തയാറായെന്നു വരും.കുറേപേർ മറ്റുള്ളവരുടെ പ്രേരണയാൽ മരണത്തിന് തയാറായെന്നു വരും.ചിലരെ വ്യാജമായി അവരുടെ അനുവാദം ലഭിച്ചു എന്നു വരുത്തി കൊല്ലാനും ബന്ധുക്കളോ മറ്റുള്ളവരോ തയ്യാറായെന്നും വരും.മറ്റുള്ളവരെ(പ്രത്യേകിച്ചു ബലഹീനരെ)സ്നേഹിക്കുവാനും കരുതുവാനും കഴിയാത്ത ജീവന്റെ പാവനതയ്ക്ക് സ്ഥാനം നൽകാത്ത നിലപാടിനെ സമൂഹം എതിർക്കണം.ദയാവധത്തെ മനുഷ്യരുടെ ജീവനുമേലുള്ള കടന്നാക്രമണമായി തിരിച്ചറിയണം.ആരൊക്കെയാണ് ജീവിക്കാൻ അനുയോജ്യരായവർ എന്ന കാര്യം നാം തീരുമാനിക്കേണ്ട വിഷയമല്ല.എല്ലാവർക്കും ഈ ലോകത്തിൽ അന്തസ്സോടെ ജീവിക്കാനുള്ള അവകാശമുണ്ട്.അന്തസ്സോടെ മരിക്കുക എന്നത് മനുഷ്യരുടെ കരുതലും സ്വാന്തനവും ഏറ്റുകൊണ്ടുള്ള മരണമാണ്.പ്രത്യക്ഷമായോ പരോക്ഷമായോ നമ്മുടെ പ്രയോഗത്തിലൂടെ മറ്റുള്ളവരെ മരണത്തിലേക്ക് നയിക്കുന്നത് മനുഷ്യരുടെ കടമയിൽ ഉൾപ്പെടുന്നില്ല.അതുകൊണ്ട് നമ്മുടെ സമൂഹവും,ജനപ്രതിനിധികളും,സർക്കാരുകളും ദയാവധത്തിന് എതിരായ നിലപാട് എടുക്കണം.

# വരൂ, കാണൂ സ്നേഹാർദ്രനായ വിശുദ്ധ യൗസേപ്പിതാവിനെ



തൃശ്ശൂർ അതിരൂപതയിലാണ് പെരിങ്ങോട്ടുകര സെന്റ് മേരീസ് ദേവാലയം. ആ ദേവാലയാങ്കണത്തിൽ ഉണ്ണിയീശോയെ കൈകളിലേന്തി ഉണർന്നിരിക്കുന്ന യൗസേപ്പിതാവിന്റെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. പരിശുദ്ധാ കന്യകാമറിയം തൊട്ടരികെ ഉറങ്ങിക്കിടക്കുന്നു.

കഴിഞ്ഞവർഷം ഫ്രാൻസിസ് പാപ്പ , ഔസേപ്പിതാവിനെ അനുസ്മരിക്കുന്ന വർഷം പ്രഖ്യാപിച്ചപ്പോൾ പള്ളിയിലെ പിതൃസംഘമാണ് ഇത്തരമൊരു ആശയം പ്രകടിപ്പിക്കുന്ന പ്രതിമ സ്ഥാപിക്കാൻ

തീരുമാനിച്ചതെന്ന് ഇടവക വികാരി ഫാ.ടോണി വാഴപ്പിള്ളി പറഞ്ഞു. ക്രിസ്തീയമായ ആറ് കാര്യങ്ങൾ ഈ പ്രതിമയിലേക്ക് കണ്ണുയയ്ക്കുന്ന ഒരു വിശ്വാസിയുടെ ഉള്ളിൽ പ്രതിധ്വനിക്കും. യൗസേപ്പിതാവിന് പരിശുദ്ധ അമ്മയോടും തിരുക്കുമാരനോടുമുള്ള സ്നേഹം, ഉത്തമനായ ഒരു ഭർത്താവ് എങ്ങനെയായിരിക്കണമെന്ന മാതൃക, കുടുംബകാര്യങ്ങളിൽ എപ്പോഴും ഉണർന്നിരിക്കുന്ന കുടുംബനാഥൻ, ഏതൊരു ഉത്തരവാദിത്തവും ഏറ്റെടുക്കാൻ സദാ സന്നദ്ധനായിരിക്കുന്ന ഭർത്താവ്, ഏതൊരു പുരുഷനിലുമുള്ള അമ്മയുടെ വാത്സല്യം പ്രകടിപ്പിക്കുന്ന പങ്കാളിത്ത മാതൃത്വത്തിന്റെ അടയാളക്കാഴ്ച, സഹനങ്ങളിൽ തളരാതെ കുടുംബത്തെ ചേർത്തുപിടിക്കുന്ന കുടുംബനാഥൻ എന്നിവയാണ് ഈ പ്രതിമയിലൂടെ പിതൃസംഘം സംവദിക്കാൻ ആഗ്രഹിക്കുന്ന ക്രിസ്തീയ ആശയങ്ങൾ. മുല്ലശ്ശേരിക്കാരനായ കെ.കെ. ജോർജാണ് ശിൽപം നിർമ്മിച്ചത്. ഇടവകയിൽ വളരെ സജീവമാണ് പിതൃസംഘം. കോവിഡ് കാലഘട്ടം മൂലം പ്രവർത്തനങ്ങളിൽ കുറവുണ്ടായെങ്കിലും, ഇനി കൂടുതലായി പ്രവർത്തിക്കാൻ പിതൃസംഘം ആഗ്രഹിക്കുന്നതായി പ്രസിഡണ്ട് സന്തോഷ് ചാക്കോയും സെക്രട്ടറി ജോഷി മാങ്ങനും പറഞ്ഞു. ഷൈജിൻ ഫ്രാൻസിസാണ് ട്രഷറർ. വർഗീസ് ചമ്മണത്ത് വൈസ് പ്രസിഡണ്ടും.

## പിതൃസംഘത്തിന്റെ സാരഥികൾ



സന്തോഷ് ചാക്കോ



ജോഷി മാങ്ങൻ



ഷൈജിൻ ഫ്രാൻസിസ്



വർഗീസ് ചമ്മണത്ത്



# അടങ്ങാത്ത ഉത്കണ്ഠ: ഫ്രാൻസിസ് മാർപാപ്പ റഷ്യൻ എംബസിയിൽ നേരിട്ട് എത്തി

റോം: ഫ്രാൻസിസ് മാർപാപ്പ റോമിലെ റഷ്യൻ എംബസിയിൽ നേരിട്ട് ചെന്ന് യുക്രെയ്ൻ ആക്രമിക്കപ്പെട്ടതിലുള്ള ഉത്കണ്ഠ അറിയിച്ചു.ഇതിനു മുൻപ് ഇങ്ങനെയൊരു നടപടി ഉണ്ടായിട്ടില്ലെന്ന് വത്തിക്കാൻവൃത്തങ്ങൾ പറഞ്ഞു.

ഫ്രാൻസിസ് മാർപാപ്പ വാഹനത്തിൽ വത്തിക്കാനിൽ നിന്ന് സെൻറ് പീറ്റേഴ്സിനു സമീപമുള്ള റഷ്യൻ എംബസിയിലെത്തുകയായിരുന്നു. അരമണിക്കൂർ പാപ്പ അവിടെ ചെലവഴിച്ചു.

യുദ്ധത്തിലുള്ള ആശങ്കയും ഉത്കണ്ഠയും നേരിട്ട് പ്രകടിപ്പിക്കാൻ വേണ്ടിയായിരുന്നു മാർപാപ്പയുടെ സന്ദർശനമെന്ന് വത്തിക്കാൻ വക്താവ് മത്തെയോ ബ്രൂണി പറഞ്ഞു. ഒരു മാർപാപ്പയും ഇതിനു മുന്പ് സ്ഥാനപതി കാര്യാലയങ്ങൾ സന്ദർശിച്ചിട്ടില്ല. വത്തിക്കാൻ രാജ്യത്തിന്റെ തലവൻകൂടിയാണു മാർപാപ്പ. സ്ഥാനപതിമാർ വത്തിക്കാനിലെത്തി മാർപാപ്പയെ കാണുതാണു പതിവ്.



# കാൽ മുട്ട് വേദന കലശലായി , ഫ്ലോറെൻസ് സന്ദർശനം റദ്ദാക്കി ക്ഷാര ബുധൻ കർമ്മങ്ങളിലും പാപ്പ  പങ്കെടുത്തില്ല

കഠിനമായ കാൽമുട്ട് വേദനയെത്തുടർന്ന്, ഫ്രാൻസിസ് മാർപാപ്പ ഞായറാഴ്ച മെഡിറ്ററേനിയൻ മേയർമാരുടെയും ബിഷപ്പുമാരുടെയും യോഗത്തിനായുള്ള ഫ്ലോറൻസ് പാപ്പ റദ്ദാക്കി. മാർച്ച് 2 ലെ ക്ഷാര ബുധൻ ആരാധനാ വേളയിലും പാപ്പ അധ്യക്ഷത വഹിച്ചില്ല.

ഫെബ്രുവരി 23 മുതൽ 27 വരെ നടന്ന "മെഡിറ്ററേനിയൻ, സമാധാനത്തിന്റെ അതിർത്തി" മീറ്റിംഗിന്റെ അവസാന ദിവസത്തിനായി ഫ്രാൻസിസ് മാർപാപ്പ ഞായറാഴ്ച ടസ്കൻ തലസ്ഥാനത്തേക്ക് ഒരു യാത്ര നടത്താൻ നിശ്ചയിച്ചിരുന്നു, മെഡിറ്ററേനിയനിലെ പ്രധാന നഗരങ്ങളിലെ ബിഷപ്പുമാരെയും മേയർമാരെയും ഈ സന്ദർശന വേളയിൽ അഭിസംബോധന ചെയ്യാൻ പാപ്പ ഉദ്ദേശിച്ചിരുന്നു.




# പോപ്പ്: 'എല്ലാ ആയുധങ്ങളെയും നിശബ്ദമാക്കുക. യുദ്ധം ചെയ്യുന്നവർ മനുഷ്യത്വം മറക്കുന്നു!'

വത്തിക്കാൻ : "ഈ ദിവസങ്ങളിൽ, ദാരുണമായ എന്തോ ഒന്ന് ഞങ്ങളെ ഞെട്ടിച്ചു: യുദ്ധം!" ഈ വാക്കുകളിലൂടെ ഫ്രാൻസിസ് മാർപാപ്പ യുദ്ധത്തിനെതിരായ അഭ്യർത്ഥനകളുടെ ഒരു പരമ്പര തന്നെ ആരംഭിച്ചു: ഉക്രെയ്നിലെ റഷ്യൻ ആക്രമണത്തിൽ കഷ്ടപ്പെടുന്നവരോട് പ്രാർത്ഥനയ്ക്കും അടുപ്പത്തിനും; പലായനം ചെയ്യുന്നവർക്കായി മാനുഷിക ഇടനാഴികൾ തുറക്കുന്നതിന്; കൂടാതെ, ഉക്രെയ്നിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലും സംഘർഷങ്ങൾക്കുള്ള രാഷ്ട്രീയ പരിഹാരങ്ങൾക്കായി. അദ്ദേഹം പറഞ്ഞു, "ഈ വഴി നടക്കാതിരിക്കാൻ ഞങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ട്," കൂടുതൽ തീവ്രമായി ദൈവത്തോട് അപേക്ഷിക്കുന്നത് തുടരാൻ അദ്ദേഹം വിശ്വാസികളോട് ആവശ്യപ്പെട്ടു.
മാർച്ച് 2: സമാധാനത്തിനായുള്ള പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനം

ഫ്രാൻസിസ് മാർപാപ്പ തുടർന്നു പറഞ്ഞു, "യുദ്ധം നടത്തുന്നവർ മനുഷ്യത്വം മറക്കുന്നു: അവർ ജനങ്ങളിൽ നിന്ന് ആരംഭിക്കുന്നില്ല; അവർ ജനങ്ങളുടെ മൂർത്തമായ ജീവിതത്തിലേക്ക് നോക്കുന്നില്ല, മറിച്ച് എല്ലാത്തിനും മുന്നിൽ പക്ഷപാതപരമായ താൽപ്പര്യങ്ങൾക്കും അധികാരത്തിനും മുൻഗണന നൽകുന്നു. "അവർ ദൈവഹിതത്തിൽ നിന്ന് ഏറ്റവും അകലെയുള്ള ആയുധങ്ങളുടെ പൈശാചികവും വികൃതവുമായ യുക്തിയെ ആശ്രയിക്കുന്നു, സമാധാനം ആഗ്രഹിക്കുന്ന സാധാരണക്കാരിൽ നിന്ന് അവർ

അകലം പാലിക്കുന്നു," പാപ്പ പറഞ്ഞു.

ഓരോ സംഘട്ടനത്തിലും, "യുദ്ധത്തിന്റെ വിഡ്ഢിത്തങ്ങൾക്ക് സ്വന്തം തൊലികൊണ്ട് വില കൊടുക്കുന്ന യഥാർത്ഥ ഇരകൾ സാധാരണക്കാരാണ്" എന്ന് അദ്ദേഹം അഭിപ്രായ പ്പെട്ടു.

"പ്രത്യേകിച്ചും "പ്രായമായവരെക്കുറിച്ച്, ഈ സമയത്ത് അഭയം തേടുന്നവരെക്കുറിച്ച്, അമ്മമാർ മക്കളുമായി പലായനം ചെയ്യുന്നതിനെക്കുറിച്ച്" താൻ ചിന്തിക്കുമ്പോൾ വേദ നയുണ്ടെന്ന് പാപ്പ പറഞ്ഞു.

"അവർ സഹോദരീസഹോദരന്മാരാണ്, അവർക്ക് മാനുഷിക ഇടനാഴികൾ തുറക്കേ ണ്ടത് അടിയന്തിരമാണ്, ഉക്രെയ്നിൽ എന്താണ് സംഭവിക്കുന്നതെന്ന ആകുലതയോ ടെ പാപ്പ പറഞ്ഞു."

യെമൻ, സിറിയ, എത്യോപ്യ എന്നിവിടങ്ങളിൽ നടന്ന യുദ്ധങ്ങളെ പരാമർശിച്ചുകൊണ്ട് ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നടന്ന യുദ്ധങ്ങൾ മറക്കരുതെന്ന് ഫ്രാൻസിസ് മാർപാ പ്പ എല്ലാവരെയും ഓർമ്മിപ്പിച്ചു .


**മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തോടനുബന്ധിച്ച്**

**ലേഖനമത്സരം**


വിഷയം : മാർ തോമാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിന്റെ സ്വാധീനം ഭാരതത്തിൽ

രജിസ്ട്രേഷൻ : 2022 മാർച്ച് 30 വരെ
സമർപ്പിക്കേണ്ടത് : 2022 ഏപ്രിൽ 15–നു മുമ്പ്
ഭാഷ : മലയാളം
പങ്കാളിത്തം : ജാതി–ദേശ–പ്രായ ഭേദമെന്യേ ആർക്കും
ദൈർഘ്യം : A4 പേപ്പർ 6–8 പേജുകൾ
ML-TT Revathi, 12pt വലുപ്പം
ഗ്രന്ഥസൂചി, അനുബന്ധം എന്നിവ പുറമേ

സമ്മാനങ്ങൾ :
1–ാം സമ്മാനം 15,000 രൂപയും പ്രശസ്തിപത്രവും
2–ാം സമ്മാനം 10,000 രൂപയും പ്രശസ്തിപത്രവും
3–ാം സമ്മാനം 7,500 രൂപയും പ്രശസ്തിപത്രവും
മറ്റ് അഞ്ചു പ്രോത്സാഹന സമ്മാനങ്ങളും

നിലവാരം പുലർത്തുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

അയക്കേണ്ട വിലാസം:
കോ-ഓർഡിനേറ്റർ, ഉപന്യാസ മത്സരം
സെന്റ് തോമസ് ചർച്ച്, മലയാറ്റൂർ-683587
ബന്ധപ്പെടുക: 9061486682






# പാളം തെറ്റുന്ന തീവണ്ടികളും സമൂഹജീവിതവും....

**ആന്റണി ചടയംമുറി**

**വാർത്ത**

45 ദിവസങ്ങൾക്കുള്ളിൽ ഇന്ത്യയിൽ ചരക്കുതീവണ്ടികൾ പാളം തെറ്റിയത് ഏഴ് തവണയാണ്. കേരളത്തിൽ മാത്രം ഈ കാലയളവിൽ രണ്ടുതവണ ഗുഡ്സ് വണ്ടി തെറ്റി. ഒരു തവണ കോട്ടയം റൂട്ടിലും മറ്റൊരു തവണ ആലുവയ്ക്കടുത്തുവച്ചുമായിരുന്നു ഗുഡ്സ് വണ്ടികൾ പാളം തെറ്റിയത്. ഇതുമൂലം പലരുടെയും യാത്ര മുടങ്ങി.ചരക്ക് നീക്കം തടസ്സപ്പെട്ടതുമൂലം കോടികളുടെ നഷ്ടമുണ്ടായി. യാത്രാ വണ്ടികൾ റദ്ദാക്കിയതിനാൽ ലക്ഷ്യസ്ഥാനങ്ങളിൽ സമയത്തെത്താൻ പല യാത്രക്കാർക്കും കഴിഞ്ഞില്ല.

കേരളത്തിലെ സമൂഹജീവിതം താളംതെറ്റിയതിന്റെ വാർത്തകളും പത്രങ്ങളിൽ കണ്ടു. കഴിഞ്ഞവർഷം കേരളത്തിൽ 337 കൊലപാതകങ്ങളുണ്ടായി. സ്ത്രീകളെ ബലാൽക്കാരം ചെയ്ത കേസുകൾ 2318. ലൈംഗിക അതിക്രമക്കേസുകൾ 498. 10 സ്ത്രീധനമരണങ്ങൾ. 2020–ൽ 3086 മോഷണ കേസുകൾ. 1982 ഭവനഭേദനങ്ങൾ.

തീവണ്ടികൾക്ക് ഓടാൻ നിശ്ചിത പാളങ്ങൾ ഉള്ളതുപോലെ സമൂഹജീവിതത്തിനും മൂല്യാധിഷ്ഠിത റൂട്ടുകളുണ്ട്. റെയിൽപ്പാളങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതുപോലെ സമൂഹത്തിനായുള്ള മൂല്യബോധനവും ചിട്ടയായി നടക്കണം. നമ്മുടെ ജീവിതം പാളം തെറ്റിയാണോ സഞ്ചരിക്കുന്നതെന്ന് വിശകലനം ചെയ്യാൻ ഈ നോമ്പ്കാലം ക്രിസ്തീയ വിശ്വാസികൾക്ക് പ്രയോജനപ്പെടേണ്ടതാണ്.

**ചിന്ത**

തങ്ങൾ പാപികളാണെന്നും പാപത്തിനുള്ള പരിഹാരം സ്നേഹവും കരുണയുമാണെന്നും എല്ലാ മനുഷ്യരും ധരിച്ചിരിക്കണം. വാസ്തവത്തിൽ ദുഷ്ടന്മാരില്ല. ഭാഗ്യവിഹീനരേ ഉള്ളൂ. അതുകൊണ്ട് നമ്മുടെ ചുമതല പരസ്പരം മനസ്സിലാക്കുകയും സ്നേഹിക്കുകയുമാണ്.

.ഡോ. എസ്. രാധാകൃഷ്ണൻ ( മുൻ രാഷ്ട്രപതി ) – മതം പാരസ്ത്യ പാശ്ചാത്യ രാജ്യങ്ങളിൽ – പേജ് 96

വിശുദ്ധ യൗസേപ്പിതാവിലൂടെ
മറിയത്തിലേക്കും
യേശുവിലേക്കുമുള്ള
അക്ഷരവീഥിയായി
ഒരു ഗ്രന്ഥം




# സെന്റ് ജോസഫ്



## ഫാ. സെബാസ്റ്റ്യൻ ജെക്കോബി OSJ

എഡിറ്റ് ചെയ്ത പ്രഗത്ഭരുടെ
25 ലേഖനങ്ങൾ
പുസ്തകരൂപത്തിൽ

ഒരു പി ഒ സി പ്രസിദ്ധീകരണം

വില : 120 രൂപ

RN 55178/94
Total Pages 32 Date of Publication 05-03-2022


# ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിലിന്റെ കൃതികൾ സമ്പൂർണം

എഡിറ്റർ: ഫാ. ഡോ. തോമസ് പാടിയത്ത്

ഏഴു വാല്യങ്ങൾ, സ്പെഷ്യൽ സൈസ് (15.5 cm x 24 cm)
വലിപ്പം, മൂവായിരത്തഞ്ഞൂറോളം പേജുകൾ,
ഹാർഡ് ബൗണ്ട്&പേപ്പർ ബാക്ക് പതിപ്പുകൾ

## വിഷയങ്ങൾ

- സീറോമലബാർ സഭ
- ആരാധനാക്രമം
- സഭാവിജ്ഞാനീയം
- വിദ്യാഭ്യാസം
- മതം, രാഷ്ട്രം, രാഷ്ട്രീയം
- സാമൂഹിക വിഷയങ്ങൾ...




- സീറോമലബാർ സഭയുടെ കിരീടമെന്നു ബനഡിക്ട് പതിനാറാമൻ പാപ്പാ വിശേഷിപ്പിച്ച മഹിതാചാര്യൻ ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിലിന്റെ സമാഹൃതരചനകൾ ഏഴു വാല്യങ്ങളിൽ.
- സത്യത്തിലും സ്നേഹത്തിലും സഭയെയും സമൂഹത്തെയും ശുശ്രൂഷിച്ച ഒരു സഭാപിതാവിന്റെ ആത്മീയവഴികളിലൂടെയുള്ള തീർഥാടനം.
- ഉണർവുള്ള മനസോടും നിതാന്ത ജാഗ്രതയോടുംകൂടി അജഗണത്തിനു കാവലിരുന്ന ഒരു ഇടയശ്രേഷ്ഠന്റെ ബോധനനിറവിലൂടെയുള്ള കൂട്ടുസഞ്ചാരം.
- ക്രൈസ്തവമൂല്യങ്ങളുടെയും ധാർമികതയുടെയും കാഴ്ചവട്ടങ്ങളുടെ തെളിച്ചത്തിൽ സമൂഹത്തെയും രാഷ്ട്രത്തെയും സമകാലിക പ്രവണതകളെയും ഇഴകീറി പരിശോധിക്കുകയും അപ്രിയസത്യങ്ങൾ ഉള്ളുലയാതെ ഊന്നിപ്പറയുകയും തലമുറകൾക്ക് പുത്തൻ ദിശാബോധത്തിന്റെ വഴിവിളക്ക് കൊളുത്തിവെക്കുകയും ചെയ്യുന്ന ഒരു ക്രാന്തദർശിയുടെ തുറന്നെഴുത്താണ് ഈ ബൃഹദാഖ്യാനം.

**മുഖവില**

Hardbound : ₹ 3500
Paperback : ₹ 3000

2022 മെയ് മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

2022 ഏപ്രിൽ 18 നു മുമ്പ്
കോപ്പി ഓർഡർ ചെയ്യുന്നവർക്ക്
Pre-publication
തുകയ്ക്ക് പുസ്തകങ്ങൾ
ലഭിക്കുന്നു

Hardbound: ₹3000
Paperback: ₹2500

വിശദവിവരങ്ങൾക്കും ബുക്കിംഗിനും
9496803216, 8547785278


Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.